"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല - മയ്യിൽ ഗ്രാമപഞ്ചായത്ത് - റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച മയ്യിൽ പഞ്ചായത്ത് ഭരണസമിതിയുടെ 06.02.2025 ലെ 11-ാം നമ്പർ തീരുമാനം താൽക്കാലികമായി തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.939/2025/LSGD തീയതി,തിരുവനന്തപുരം, 09-04-2025

---

പരാമർശം :-

1. ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിന്റെ 06/03/1995 തീയതിയിലെ 22034/C1/LAD TVM നമ്പർ സർക്കുലർ
2. ലാന്റ് റവന്യൂ കമ്മീഷണറുടെ 11.10.2022 ലെ LR8538/22-LR(K1) നമ്പർ കത്ത്
3. മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 06.02.2025 ലെ 11-ാം നമ്പർ തീരുമാനം
4. മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 24.02.2025 ലെ 12-ാം നമ്പർ തീരുമാനം
5. മയ്യിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.02.2025 ലെ 401052/AMCA04/GPO/2024/6679/(2) നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിൽ നവഭാവന വായനശാല മുതൽ കിഴക്കേപറമ്പ് വരെയുള്ള ഭാഗത്ത് പ്രദേശവാസികളായ 20 പേർ വിട്ടു നൽകിയ ഭൂമിയിൽ നിർമ്മിച്ചിട്ടുള്ള റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് അറ്റകുറ്റപ്പണി നടത്തണമെന്ന് ആവശ്യപ്പെട്ട് റോഡ് നിർമ്മാണ കമ്മിറ്റി കൺവീനർ സമർപ്പിച്ച അപേക്ഷ ഗ്രാമപഞ്ചായത്ത് ഭരണസമിതി പരിഗണിക്കുകയും അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം 670 മീറ്റർ നീളവും 3 മീറ്റർ വീതിയുമുള്ള ടി റോഡ് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് ഭരണസമിതി പരാമർശം (3) പ്രകാരം തീരുമാനിക്കുകയുണ്ടായി.

2) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസനാവശ്യത്തിനായി സ്വകാര്യ ഭൂമി ആർജ്ജിക്കേണ്ടത് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 178 പ്രകാരവും അതിനു കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് വിധേയമായും ആണെന്നും ആയതിൽ നാളിതുവരെ ഭേദഗതി ഉണ്ടായിട്ടില്ലെന്നും ആയതുപ്രകാരം പരാമർശം (1) ലെ സർക്കുലർ തിരുവനന്തപുരം ലാൻഡ് റവന്യൂ കമ്മീഷണർ തൃശ്ശൂർ ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ള പരാമർശം (2) പ്രകാരമുള്ള

കത്തിൽ WP(C) 13047/20 നമ്പർ കേസ്സിൽ ബഹു.ഹൈക്കോടതിയുടെ 02/08/2021 തീയതിയിലെ ഉത്തരവ് പ്രകാരം പരാമർശം (1) സർക്കുലർ റദ്ദ് ചെയ്തു വിധി പുറപ്പെടുവിച്ചിട്ടുള്ളതായും, റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്ന ഭൂമി മാത്രമേ സർക്കാർ ഭൂമി എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂയെന്നും, അപ്രകാരമുള്ള ഭൂമി മാത്രമേ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുകയുള്ളുവെന്നും, വിയോജനക്കുറിപ്പിൽ സെക്രട്ടറി ഭരണസമിതിയെ അറിയിച്ചു. പഞ്ചായത്തിന്റെ പേരിൽ സ്ഥലം രജിസ്റ്റർ ചെയ്ത് ലഭ്യമാകാതെയും, റവന്യൂ രേഖകൾ പ്രകാരം ഭൂമിയുടെ ഉടമസ്ഥാവകാശം സിദ്ധിക്കാതെയും പ്രസ്തുത റോഡ് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള തീരുമാനം പുന:പരിശോധിക്കുന്നതിന് സെക്രട്ടറി പഞ്ചായത്തിനോട് ആവശ്യപ്പെടുകയും കൂടാതെ പരാമർശം (3) ലെ തീരുമാനത്തിനെതിരെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

3) കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്ത് എട്ടാം വാർഡിൽ പാറത്തോട് നവഭാവന വായനശാല മുതൽ കിഴക്കേപ്പറമ്പ് വരെയുള്ള ഭാഗത്ത് നിർമ്മിച്ചിട്ടുള്ള 670 മീറ്റർ നീളവും 3 മീറ്റർ വീതിയുമുള്ള പാറത്തോട് നവഭാവന വായനശാല ഗോട്ട് ഫാം റോഡ് ഏറ്റെടുത്ത് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി അടിയന്തരമായി മരാമത്ത് പ്രവൃത്തികൾ ചെയ്യേണ്ടതാണെന്നും ആയതിൻമേലുള്ള ആക്ഷേപങ്ങൾ അറിയിക്കുന്നതിന് പൊതുജനങ്ങളുടെ അറിവിലേക്കായി പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പഞ്ചായത്ത് നോട്ടീസ് ബോർഡുകൾ എന്നിവിടങ്ങളിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനും ഐകകണ്ഠ്യേന അംഗീകാരം നൽകി തീരുമാനം കൈക്കൊണ്ടു. 2003 ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ 24.2.2025 ലെ ഭരണ സമിതി യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്തുവെങ്കിലും ഭരണ സമിതി മുൻ തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നതായി പരാമർശം (4) പ്രകാരം തീരുമാനം കൈക്കൊണ്ടു. പരാമർശം (3) ലെ കീഴ്പ്പറമ്പ് ഭരണ സമിതിയുടെ തീരുമാനം, സെക്രട്ടറിയുടെ വിയോജനക്കുറിപ്പ് എന്നിവ സഹിതം 2003 ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമം)പ്രകാരം തീരുമാനമെടുക്കുന്നതിനായി പരാമർശം (5) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (5) ലെ കീഴ്പ്പറമ്പ് പഞ്ചായത്ത് സെക്രട്ടറിയുടെ വിയോജനക്കുറിപ്പ് പരിഗണിച്ച് പരാമർശം (3) ലെ പഞ്ചായത്ത് സമിതി തീരുമാനം, പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 191(2) ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ടി ആക്ടിലെ സെക്ഷൻ 271-(ജി) പ്രകാരം രൂപീകരിച്ച ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയച്ചുകൊണ്ടും, ടി ആക്ടിലെ സെക്ഷൻ 191(4) പ്രകാരം പരാമർശം (2) ലെ പഞ്ചായത്ത് സമിതി തീരുമാനം സെക്ഷൻ 191(2) പ്രകാരമുള്ള നടപടിക്രമം പൂർത്തിയാക്കി അവസാനം തീർപ്പുകൽപ്പിക്കുന്നതുവരെ നടപ്പാക്കുന്നത് മാറ്റിവയ്ക്കുന്നതിന് പഞ്ചായത്തിന് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 10-04-2025 14:53:15
സെക്ഷൻ ഓഫീസർ

1.സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം

2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

3. സെക്രട്ടറി, മയ്യിൽ ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല

4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ) തിരുവനന്തപുരം

5. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്. ഐ & പി ആർ ഡി

7. കരുതൽ ഫയൽ (ഡി.ബി1/99/2025/എൽ.എസ്.ജി.ഡി)